# ഹദീസ് നിഷേധത്തിന്റെ
# ജമാഅത്തു ശൈലി

### ജമാഅത്ത് നേതാവ് ഒ. അബ്ദുറഹ്മാൻ എഴുതി:

“ഉദാഹരണത്തിന് മരണത്തിന്റെ ചുമതലയേൽപിക്കപ്പെട്ട മലക്ക് അസ്റാഈൽ റൂഹിനെ പിടിക്കാൻ സമ്മതം തേടിക്കൊണ്ട് മൂസ(അ)യെ സമീപിച്ചപ്പോൾ അദ്ദേഹം മലക്കിന്റെ കണ്ണ് തല്ലിപ്പൊട്ടിച്ചു എന്ന ഒരു പൊട്ടൻ കഥ സ്വീകാര്യമായ നിവേദക പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. മറ്റ് ചില ഹദീസുകളിൽ മുഹമ്മദ് (സ)ക്ക് സിഹ്ർ ബാധിച്ചിരുന്നതായി പറയുന്നു. നബി(സ) സിഹ്ർ ചെയ്യുന്നവനോ സിഹ്ർ ബാധിച്ചവനോ ആയിരുന്നുവെന്ന ശത്രുക്കളുടെ ആരോപണത്തെ ഖണ്ഡിതമായി നിരാകരിക്കുന്ന ഖുർആൻ സൂക്തങ്ങൾ നിലവിലിരിക്കെയാണ് സിഹ്ർ ബാധിച്ചതിനാൽ കുറെ ദിവസങ്ങളോളം അല്ലെങ്കിൽ മാസങ്ങളോളം മറവി ബാധിച്ചു നടന്നു എന്ന ഹദീസുകൾ. അതും യഹൂദി സിഹ്ർ ചെയ്ത് കൊണ്ട്!” (പ്രബോധനം ഹദീസ് പതിപ്പ് 2007, പേജ് 129)

### എന്നാൽ യൂസുഫുൽ ഖറദാവി എഴുതിയതൊ?

“ഹദീസിനെ ശരിയായി റിപ്പോർട്ട് ചെയ്യുന്നവരും അതിനെ അനുകരിക്കുന്നവരും പറയുന്നതിനുസരിച്ച് സിഹ്ർ തിരുമേനിയുടെ ശരിരത്തെയാണ് ബാധിച്ചത്; ആത്മാവിലും ബുദ്ധിയിലുമല്ല. അപ്പോൾ അതിന്റെ സ്വാധീനം ശരീരത്തിലാണുണ്ടായത്. ശാരീരിക രോഗങ്ങളിൽനിന്ന് പ്രവാചകന്മാർ മുക്തരായിട്ടില്ല.”

അദ്ദേഹം തുടരുന്നു: “സിഹ്ർ ബാധിച്ചപ്പോൾ ലബീദിന്റെ സഹോദരി പറഞ്ഞു: അദ്ദേഹം നബിയാണെങ്കിൽ അദ്ദേഹത്തിന് വിവരം ലഭിക്കും; അല്ലെങ്കിൽ സിഹ്ർ മുഖേന അയാളുടെ ബുദ്ധി നശിക്കും.” അപ്പോൾ ആദ്യം പറഞ്ഞത് സംഭവിച്ചു എന്നാണ് സ്വഹീഹായ ഹദീസിൽ നിന്ന് വ്യക്തമാകുന്നത്. (ഐ.പി.എച്ച് പുറത്തിറക്കിയ ഖറദാവിയുടെ ഫത്വകൾ, ഭാഗം രണ്ട്, പേ. 76, 81)

### അതേപോലെ ജമാഅത്ത് സ്ഥാപകൻ അബുൽ അഅ്ല മൗദൂദി എഴുതിയതൊ?

“തോക്കിനുള്ളിൽ നിന്നും വരുന്ന വെടിയുണ്ടയും വിമാനത്തിൽ നിന്നും വീഴുന്ന ബോംബും അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഫലം ചെയ്യുകയില്ലെന്ന പോലെത്തന്നെ മാരണവും അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഫലിക്കുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ, അതുകൊണ്ട് മാത്രം ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യർ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു കാര്യത്തെ നിഷേധിക്കുന്നത് ശുദ്ധമായ പിടിവാശി മാത്രമാണ്.” (തഫ്ഹീമുൽ ഖുർആൻ: അൽമുഅവ്വദതൈനിയുടെ ആമുഖത്തിൽ നിന്ന്)

തുടർന്ന് വായിക്കുക

ഹദീസ് സംരക്ഷകരുടെ വേഷമണിഞ്ഞ് പ്രവാചകചര്യയുടെ പ്രാമാണികതയും ആധികാരികതയും പ്രസ്താവിച്ചും ഹദീസ് നിഷേധികൾക്ക് അവരുടെ വീഴ്ച്ചകൾ എടുത്തുപറഞ്ഞും ഒ. അബ്ദുർറഹ്മാൻ സാഹിബ് പ്രബോധനം ഹദീസ് പതിപ്പ് 2007-ലൂടെ 'ഹദീസ് നിഷേധം കേരളത്തിൽ' എന്ന തലവാചകത്തിൽ ഒരു ലേഖനം മലയാളികൾക്ക് പരിചയപ്പെടുത്തി. ഖുർആനിനോ സാമാന്യ ബുദ്ധിക്കോ യോജിക്കുന്നില്ല എന്ന കാരണത്താൽ ഹദീസ് അസ്വീകാര്യമായി പ്രഖ്യാപിച്ച സി.എൻ. അഹ്മദ് മൗലവിയെയും, ഹദീസുകൾ സ്വീകാര്യമാവാൻ സ്വഹാബി തലം മുതൽ രണ്ട് സാക്ഷികൾ വേണമെന്ന ചേകന്നൂർ മൗലവിയുടെ വാദങ്ങളെയുമെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിലേക്ക് ഹദീസ് നിഷേധ പ്രവണത കൊണ്ടുവന്ന പണ്ഡിതൻമാരെ വിമർശിക്കുന്നതായിരുന്നു പ്രബോധനം ലേഖകൻെറ പ്രയത്നം. ഇസ്‌ലാമിൻെറ അടിത്തറ തകർക്കാൻ ഏറ്റവും ഫലപ്രദമായ ഉപായം സുന്നത്ത് നിഷേധമാണെന്ന പ്രസ്തുത ലേഖനത്തിലെ അദ്ദേഹത്തിൻെറ വാക്കുകൾ പ്രശംസ അർഹിക്കുന്ന ഒന്നായിരുന്നു. നിർഭാഗ്യവശാൽ ലേഖകൻ ഹദീസ് നിഷേധികളെ നിരൂപണം ചെയ്യാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ തനിക്ക് ബാധകമല്ലെ എന്ന് ചിന്തിക്കാതെ പോയത് തികച്ചും അപക്വവും സങ്കുചിതവുമായി പോയി. സ്വഹീഹായ നിവേദക പരമ്പരയോടുകൂടെ ഉദ്ധരിച്ച ഹദീസിൻെറ ഉള്ളടക്കം സാമാന്യബുദ്ധിക്കോ ഖുർആനിനോ എതിരായി വന്നാൽ പ്രസ്തുത ഹദീസ് തള്ളപ്പെടേണ്ടതാണ് എന്ന ആശയം മുന്നോട്ടുവച്ച് ഇദ്ദേഹം തന്നെ ഇമാം ബുഖാരി(റ) ഉദ്ധരിച്ച ഹദീസുകൾ തള്ളുകയും വായനക്കാരിൽ സംശയമുണ്ടാക്കുന്ന തരത്തിലുള്ള ദുസൂചനകൾ നല്കുകയും ചെയ്യുന്നു. ആ ഭാഗം താഴെ:

"ഹദീസുകളെന്നപേരിൽ പ്രചാരത്തിലുള്ളവയുടെ നിവേദക പരമ്പര താരതമ്യേന കുറ്റമറ്റതാണെങ്കിൽ ഏത് ഹദീസും സ്വീകാര്യമാണെന്ന ചിന്തയും വാദവും ഇസ്‌ലാമിക തത്ത്വങ്ങളുടെ വിശാലവീക്ഷണത്തിനും യുക്തിഭദ്രതക്കും തന്നെയാണ് ഏറെ പരിക്കേൽപിച്ചത്. രിവായത് (നിവേദകപരമ്പര) പോലെത്തന്നെ പ്രധാനമാണ് മത്നും (ഉള്ളടക്കം) എന്ന വസ്തുത വിസ്മരിക്കപ്പെട്ടു. ഉദാഹരണത്തിന് മരണത്തിൻെറ ചുമതലയേൽപിക്കപ്പെട്ട മലക്ക് *അസ്റാഈൽ റൂഹിനെ പിടിക്കാൻ സമ്മതം തേടിക്കൊണ്ട് മൂസ(അ)യെ സമീപിച്ചപ്പോൾ അദ്ദേഹം മലക്കിൻെറ കണ്ണ് തല്ലിപ്പൊട്ടിച്ചു എന്ന ഒരു പൊട്ടൻകഥ സ്വീകാര്യമായ നിവേദകപരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. മറ്റ് ചില ഹദീസുകളിൽ മുഹമ്മദ്(സ)ക്ക് സിഹ്ർ ബാധിച്ചിരുന്നതായി പറയുന്നു. നബി (സ) സിഹ്ർ ചെയ്യുന്നവനോ സിഹ്ർ ബാധിച്ചവനോ ആയിരുന്നുവെന്ന ശത്രുക്കളുടെ ആരോപണത്തെ ഖണ്ഡിതമായി നിരാകരിക്കുന്ന ഖുർആൻ സൂക്തങ്ങൾ നിലവിലിരിക്കെയാണ് സിഹ്ർ ബാധിച്ചതിനാൽ കുറെ ദിവസങ്ങളോളം അല്ലെങ്കിൽ മാസങ്ങളോളം മറവി ബാധിച്ചു നടന്നു എന്ന ഹദീസുകൾ. അതും യഹൂദി സിഹ്ർ ചെയ്തുകൊണ്ട്! മഹാനായ സ്വഹാബിവര്യൻ ഇബ്നു മസ്ഊദ്, മുഅവ്വദതൈൻ (ഖുർആനിലെ 113, 114 അദ്ധ്യായങ്ങൾ) ഖുർആനിൻെറ ഭാഗമായി കരുതിയിരുന്നില്ലെന്ന പ്രബലമായ രിവായതുകളാണ് മറ്റൊരു ഉദാഹരണം. ഇമ്മാതിരി ചില ഹദീസുകളുടെ പേരിൽ സുന്നത്തിനെയാകെ നിരാകരിക്കുകയോ സംശയിക്കുകയോ ചെയ്യുന്നതുപോലെ

അബദ്ധമാണ് നിവേദക പരമ്പര പ്രബലമാണെന്ന കാരണത്താൽ അവയൊക്കെ അപ്പടി സ്വീകരിക്കുന്നതും.'' (പ്രബോധനം ഹദീസ് പതിപ്പ് 2007, പേജ് 129)

(***കുറിപ്പ്:** റൂഹിനെ പിടിക്കാൻ വരുന്ന മലക്കിന് അസ്റാഈൽ എന്ന പേര് സ്വഹീഹായ ഒരു റിപ്പോർട്ടിലുമില്ല, മറിച്ച് മലക്കുൽ മൗത്ത് എന്നാണ് കാണാൻ സാധിക്കുക)

അഹ്ലുസ്സുന്നത്തു വൽ ജമാഅത്തിൻെറ ഇന്നോളം വരുന്ന വിശ്വാസമാണ് ബുഖാരിയിലെയും മുസ്ലിമിലെയും ഹദീസുകൾ എല്ലാം സ്വീകാര്യമാണ് എന്നത്; പൂർവ്വികരായ പണ്ഡിതൻമാർക്കിടയിൽ ഇജ്മാഅ് ഉള്ള വിഷയവുമാണിത്. ജമാഅത്തെ ഇസ്ലാമി പുറത്തിറക്കിയ ഗ്രന്ഥം പരിശോധിച്ചാൽ തന്നെ ഈ വസ്തുതകൾ ശരിയാണെന്ന് ബോധ്യപ്പെടും. ഉദാഹരണത്തിന് ഐ.പി.എച്ച് പുറത്തിറക്കിയ സ്വഹീഹുൽ ബുഖാരി; അതിൻെറ ആമുഖ ലേഖനത്തിൽ ഹദീസുകളുടെ ശ്രേഷ്ഠതകളെ കുറിച്ചും അതിൻെറ സ്വീകാര്യതയെ കുറിച്ചുമെല്ലാം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഹദീസ് നിദാനശാസ്ത്രത്തിൻെറ സംക്ഷിപ്ത വിവരണം നല്കികൊണ്ടും, സ്വഹീഹും ദുർബലങ്ങളുമായ ഹദീസുകൾ അതിൻെറ ഇനങ്ങൾ, വ്യാജ ഹദീസും അതിൻെറ കാരണങ്ങളും പ്രതിവിധികളും എന്നിങ്ങനെയുള്ള വിഷയങ്ങൾ ചർച്ച ചെയ്ത ശേഷം ആ സ്വഹീഹുൽ ബുഖാരിയിലെ 'ഇമാം ബുഖാരി' എന്ന തലവാചകത്തിലെ ലേഖനത്തിൽ എടുത്തു പറഞ്ഞ ചില ഉദ്ധരണികൾ കാണുക:

''ഹദീസുകളുടെ പ്രബലതയെ ബാധിക്കുന്ന അത്യന്തം സൂക്ഷ്മവും പരോക്ഷവുമായ ചില ന്യൂനതകളുണ്ട്. ഹദീസ് നിദാനശാസ്ത്രത്തിൽ അവയ്ക്ക് 'ഇല്ലത്' (علة) എന്നാണ് പറയുക. സൂക്ഷ്മദൃക്കുകൾക്കു മാത്രമേ ഇത് കണ്ടുപിടിക്കാൻ കഴിയുകയുള്ളൂ. ഇമാം ബുഖാരിക്ക് ഈ വിഷയത്തിൽ സവിശേഷ പാടവം തന്നെ ഉണ്ടായിരുന്നു. സൂറതുൽ ഇഖ്ലാസ്വ് ഓതുന്ന അനായാസതയോടെയാണ് അദ്ദേഹം ഹദീസുകളുടെ ഇല്ലതുകൾ പറഞ്ഞിരുന്നതെന്ന് തൻെറ ഒരനുഭവത്തെ മുൻനിർത്തി ഹാഫിള് അഹ്മദുബ്നു ഹംദുൻ പറഞ്ഞിട്ടുണ്ട്. ഇമാം ബുഖാരിയേക്കാൾ 'ഇല്ലതു'കളും 'സനദു'കളും അറിയുന്ന മറ്റൊരു ഹദീസ് പണ്ഡിതനെയും താൻ കണ്ടിട്ടില്ലെന്ന് ഇമാം തിർമിദി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.'' (ഐ.പി.എച്ച് പുറത്തിറക്കിയ ഹദീസ് ഭാഗം ഒന്ന് സ്വഹീഹുൽ ബുഖാരി, പേജ് LIII)

''അൽജാമിഉസ്വഹീഹ് അഥവാ സ്വഹീഹുൽ ബുഖാരി ഇമാം ബുഖാരിയുടെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥം മാത്രമല്ല, ഇസ്ലാമിക സമൂഹത്തിൻെറ ചരിത്രത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥമാണ്. വിശുദ്ധ ഖുർആൻ കഴിഞ്ഞാൽ ഏറ്റവും പ്രാമാണികവും അവലംബനീയവും വിശുദ്ധവുമായ ഗ്രനഥമെന്ന് മുസ്ലീം ലോകം സർവ്വസമ്മതമായി അംഗീകരിച്ചാദരിച്ചുപോരുന്ന ഗ്രന്ഥവുമാണത്. പതിനാറു വർഷം കൊണ്ടാണ് അൽജാമിഉസ്വഹീഹിൻെറ രചന ഇമാം ബുഖാരി പൂർത്തീകരിച്ചത്. അതിനിടയിൽ മൂന്ന് തവണ അദ്ദേഹമത് പരിഷ്കരിച്ചെഴുതിയിട്ടുണ്ട്. അതീവ സൂക്ഷ്മമായ പരിശോധനക്കും വിശകലനത്തിനും ശേഷമാണ് ഓരോ ഹദീസും അതിലുൾപ്പെടുത്തിയത്. കുളിച്ച് രണ്ട് റക്അത്ത് നമസ്കരിച്ച് ഇസ്തിഖാറ (നന്മ തേടിയുള്ള പ്രാർത്ഥന) നടത്തിയ ശേഷമല്ലാതെ ഒറ്റ ഹദീസും താനതിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് അദ്ദേഹം തന്നെ പ്രസ്താവിച്ചത് കാണാം. അവയുടെ പ്രബലത ഉറപ്പുവരുത്തുന്നതിൽ എത്രമാത്രം ശുഷ്കാന്തി അദ്ദേഹത്തിനുണ്ടായിരുന്നു

എന്നാണിത് വ്യക്തമാക്കുന്നത്. ഗ്രന്ഥ രചന പൂർത്തിയാക്കിയ ശേഷം ഇമാം അഹ്മദുബ്നു ഹമ്പൽ, അലിയ്യുബ്നു മദീനി, യഹ്യബ്നു മഈൻ തുടങ്ങിയ അക്കാലത്തെ പ്രഗത്ഭരായ ഹദീസ് പണ്ഡിതൻമാർക്ക് അദ്ദേഹമത് സമർപ്പിച്ചു. എല്ലാവരും അതിൽ സന്തോഷം പ്രകടിപ്പിക്കുകയും അതിൻെറ പ്രബലത ഏകസ്വരത്തിൽ അംഗീകരിക്കുകയും ചെയ്തു. നാല് ഹദീസുകളെക്കുറിച്ച് മാത്രമാണ് ഭിന്നാഭിപ്രായം ഉണ്ടായത്. ഉഖൈലി പറയുന്നു: 'പ്രസ്തുത നാല് ഹദീസുകളിലും ഒടുവിൽ ബുഖാരിയുടെ നിലപാട് ശരിവെക്കപ്പെട്ടു.''' (ഐ.പി.എച്ച് പുറത്തിറക്കിയ ഹദീസ് ഭാഗം ഒന്ന് സ്വഹീഹുൽ ബുഖാരി, പേജ് LVIII)

"അൽജാമിഉസ്വഹീഹിൽ ഹദീസുകൾ രേഖപ്പെടുത്തുന്നതിന് ബുഖാരി സ്വയം ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾ പൂർത്തീകരിച്ച ഹദീസുകൾ മാത്രമേ അതിലുൾപ്പെടുത്തിയിട്ടുള്ളൂ. ബുഖാരിയുടെ മാനദണ്ഡങ്ങൾ എന്ന പേരിലാണ് അവ അറിയപ്പെടുന്നത്. താഴെ പറയുന്നവയാണ് പ്രസ്തുത നിബന്ധനകൾ:

1) എല്ലാ റിപ്പോർട്ടർമാരും, സ്വഹാബികൾ വരെ വിശ്വസ്തരായിരിക്കുക. അവർ വിശ്വസ്തരാണെന്ന കാര്യം സർവ്വസമ്മതമായിരിക്കുക. അതായത് അവർ മുസ്ലിംകളും സത്യസന്ധരും ഹദീസും സനദും കൂട്ടിക്കുഴക്കാത്തവരും, നീതിബോധവും കൃത്യതയും ബുദ്ധിസ്ഥിരതയും ഓർമശക്തിയും വിശ്വാസ സുബദ്ധതയും ഉള്ളവരായിരിക്കുക.

2) നിവേദക പരമ്പര ഇടമുറിയാത്തതായിരിക്കുക.

3) മുഅൻഅനായ നിവേദനമാ ('അൻ' എന്ന പ്രത്യയം ചേർത്ത് ഫുലാനുൻ അൻ ഫുലാൻ - ഇന്നയാൾ ഇന്നയാളിൽ നിന്ന് - എന്നിങ്ങനെ ഉദ്ധരിക്കുന്ന നിവേദനം) ണെങ്കിൽ ഓരോ നിവേദകനും തൊട്ടടുത്തുള്ള നിവേദകനും തമ്മിൽ കൂടിക്കാഴ്ചയുണ്ടായിട്ടുണ്ടെന്ന് സ്ഥിരീകരിച്ചിരിക്കണം.

4) ഹദീസിൻെറ പ്രബലതയും സ്വീകാര്യതയും തൻെറ മുൻഗാമികളായ അല്ലെങ്കിൽ സമകാലികരായ ഹദീസ് പണ്ഡിതൻമാർക്കിടയിൽ സർവ്വസമ്മതമായിരിക്കുക.

5) ഹദീസ് 'ഇല്ലത്', 'ശുദൂദ്' എന്നീ ദൂഷ്യങ്ങളിൽ നിന്ന് മുക്തമായിരിക്കുക.

രണ്ട് കാര്യങ്ങൾ സ്വഹീഹുൽ ബുഖാരിയുടെ രചനയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു: പ്രബലവും സ്വീകാര്യവും, തൻെറ മുൻഗാമികളും സമകാലികരുമായ പണ്ഡിതൻമാർ ഏകസ്വരത്തിൽ സമ്മതിച്ചതുമായ ഹദീസുകൾ മാത്രം സമാഹരിക്കുക, നിയമങ്ങളും തത്വങ്ങളും നിർധാരണം ചെയ്യുക എന്നിവയാണവ."

(ഐ.പി.എച്ച് പുറത്തിറക്കിയ ഹദീസ് ഭാഗം ഒന്ന് സ്വഹീഹുൽ ബുഖാരി, പേജ് LIX - LX)

"ഹദീസ് പണ്ഡിതൻമാരിൽ അദ്വിതീയനും അഗ്രേസരനുമായ ഇമാം അബൂ അബ്ദില്ലാ മുഹമ്മദ് ബ്നു ഇസ്മാഈലിബ്നി ഇബ്റാഹീമൽ ബുഖാരിയുടെ അൽജാമിഉസ്വഹീഹ് എന്ന ഗ്രന്ഥം ഇസ്ലാമിൽ വിരചിതമായ അതിമഹത്തരവും ഏറെ പ്രയോജനകരവുമായ ഗ്രന്ഥങ്ങളിലൊന്നത്രെ. എന്നാൽ അതി

ലെ ആവർത്തന വിധേയമായ ഹദീസുകൾ വിവിധ അദ്ധ്യായങ്ങളിലായി ചിതറിയിരിക്കുകയാണ്. പ്രസ്തുത ഗ്രന്ഥത്തിൽ ഒരു വിഷയത്തെപ്പറ്റി വന്ന ഹദീസ് പരതുന്ന പക്ഷം ഏറെ പ്രയാസപ്പെട്ടും ദീർഘമായ അന്വേഷണത്തിന് ശേഷവും മാത്രമേ അത് കണ്ടെത്താനാവുകയുള്ളൂ. ആവർത്തനത്തിലൂടെ ഹദീസിൻെറ പ്രചാരവും നിവേദക പരമ്പരകളുടെ ആധിക്യവും സൂചിപ്പിക്കലായിരുന്നു ഇമാം ബുഖാരിയുടെ ലക്ഷ്യം. നമുക്കാകട്ടെ ഹദീസിൻെറ മൂലരൂപം കരഗതമാക്കുന്നതിലേ താൽപര്യമുള്ളൂ. കാരണം, അതിലെ ഹദീസുകൾ മുഴുവൻ പ്രബലമാണെന്ന വസ്തുത സുവിദിതമാണല്ലോ.'' (ഐ.പി.എച്ച് പുറത്തിറക്കിയ ഹദീസ് ഭാഗം ഒന്ന് സ്വഹീഹുൽ ബുഖാരി, സംഗ്രഹകർത്താവിൻെറ മുൻമൊഴി, പേജ് LXIII)

സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകളുടെ സ്വീകാര്യതയെ കുറിച്ച് ഇനിയുമധികം തെളിവുകളുടെ ആവശ്യമില്ല. മുകളിൽ ഉദ്ധരിച്ച രേഖകളെല്ലാം വെറും പുസ്തകത്തിനകത്തുള്ള അലങ്കാരവാക്കുകളായി പോയി ജമാഅത്തെ ഇസ്‌ലാമി സുഹൃത്തുക്കൾക്ക് എന്നതിൽ അതിയായ ഖേദമുണ്ട്. ഒ. അബ്ദുർറഹ്മാൻ സാഹിബ് തൻെറ നിസാരമായ ബുദ്ധിയിലിട്ട് അനുമാനിച്ചുകൊണ്ട് നബി (സ)യുടെ തിരുമൊഴിയിലൂടെ പ്രസ്താവിച്ച വിശുദ്ധവചനത്തെയാണ് 'പൊട്ടൻ കഥ' എന്ന പരിഹാസ ശബ്ദത്തിലൂടെ നിന്ദിക്കുന്നത്. വാസ്തവത്തിൽ സാമാന്യ ബുദ്ധിക്ക് നിരക്കാത്ത തരത്തിലുള്ള യാതൊരു പരാമർശവും മലക്കുൽ മൗത്ത് മൂസാ(അ)യുടെ ആത്മാവ് പിടിക്കാൻ വന്ന സംഭവത്തിലില്ല. മൂസാ നബി(അ)യെ മനസിലാക്കിയവർക്ക് അറിയാം അദ്ദേഹത്തിൻെറ പ്രകൃതം. അതോടൊപ്പം ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസ് കൂടി ഗ്രഹിച്ചു കഴിഞ്ഞാൽ ബുദ്ധിപൂർവ്വമായി തന്നെ പ്രസ്തുത സംഗതിയെ ഉൾകൊള്ളാൻ വക്രതയില്ലാത്തവർക്കു സാധിക്കും. അല്ലാഹുവിൻെറ ഇഷ്ടദാസൻമാരായ പ്രവാചകൻമാർക്ക് മരണത്തെയും ജീവിതത്തെയും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അവൻ നല്കിയിട്ടുണ്ട്. ഇത് അള്ളാഹു പ്രവാചകൻമാർക്ക് മാത്രം നല്കിയ മഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണ്. ആഇശ(റ) പറയുന്നു: "സ്വർഗത്തിൽ തൻെറ സ്ഥാനം കാണിച്ച് കൊടുക്കാത്ത ഒരു പ്രവാചകനെയും അള്ളാഹു തിരിച്ച് വിളിച്ചിട്ടില്ല, പിന്നീട് അവർക്ക് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകപ്പെടും'' (ബുഖാരി)

മൂസാനബി(അ)യുടെ ജീവിതത്തിൽ ആത്മാവിനെ പിടിക്കുവാൻ വന്ന മലക്കുമായി സംഭവിച്ച കാര്യങ്ങൾ യുക്തിസഹമല്ലാത്ത വർത്തമാനമായി പ്രബോധന ലേഖകൻ അവതരിപ്പിക്കാൻ ശ്രമിക്കുന്നതിൻെറ കാരണം മറ്റൊന്നല്ല. ഖുർആനും അതിൻെറ ആധികാരിക വ്യാഖ്യാനമായ നബിചര്യയും തമ്മിലുള്ള ബന്ധം വിച്ഛേദിച്ചാൽ തൻെറ താൽപര്യങ്ങൾക്ക് യോജിക്കുന്ന തരത്തിൽ പ്രമാണങ്ങളെ വ്യാഖ്യാനിക്കാനാവുമല്ലോ. അതിൻെറ സൂചനകളാണ് നബി(സ)ക്ക് സിഹ്ർ ബാധിച്ചു എന്ന ഹദീസുകൾ നിഷേധിക്കുക വഴി തുടർന്നദ്ദേഹം ചെയ്തത്. സാധാരണക്കാരുടെ ഇടയിൽ പ്രമാണങ്ങളിലുള്ള വിശ്വാസ്യത നശിപ്പിക്കുവാൻ മാത്രമേ ഇത്തരത്തിലുള്ള ശ്രമങ്ങൾ പ്രയോജനം ചെയ്യുകയുള്ളൂ.

ഒ. അബ്ദുർറഹ്മാൻ സാഹിബ് അടക്കമുള്ള ചില സഹോദരങ്ങൾ നിഷേധിക്കുന്ന 'സിഹ്ർ' സംബന്ധമായ ഹദീസുകൾ ഇമാം ബുഖാരി ഉദ്ധരിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അവതീർണ്ണമായ ആയത്തുകൾ ഖുർആനിലുമുണ്ട്. എങ്കിൽ പറയപ്പെട്ട ഭാഗങ്ങൾ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുള്ളത് എപ്രകാരമായിരിക്കും എന്ന

പരിശോധിച്ചു നോക്കാം. സൂറ അൽഫലഖിലെ نفّاثات في العقد (കെട്ടുകളിൽ ഊതുന്നവരുടെ ദ്രോഹത്തിൽനിന്നും) എന്ന ആയത്തിനെ സംബന്ധിച്ച് മൗദൂദി സാഹിബ് പറയുന്നു:

"കെട്ടിൽ ഊതുക എന്നത് ഏതാണ്ടെല്ലാ മുഫസിറുകളുടെയും വീക്ഷണത്തിൽ ആഭിചാരത്തിൻെറ ഉൽപ്രേക്ഷയാകുന്നു. ആഭിചാരകർ ചരടിലോ കുരുക്കിട്ട നൂലിലോ ഊതുക സാധാരണമാണല്ലോ. അപ്പോൾ സൂക്തത്തിൻെറ വിവക്ഷ ഇങ്ങനെയാകുന്നു: ആഭിചാരകരിൽ നിന്ന് അല്ലെങ്കിൽ ആഭിചാരക്രിയകളിൽ നിന്ന് ഞാൻ പ്രഭാതോദയത്തിൻെറ നാഥനിൽ ശരണം തേടുന്നു. പ്രവാചകന്ന്(സ) ആരോ ആഭിചാരം ചെയ്തപ്പോൾ ജിബ്രീൽ(അ) വന്ന് മുഅവ്വിദതൈനി ഓതാൻ അദ്ദേഹത്തോട് നിർദ്ദേശിച്ചു എന്ന നിവേദനം ഈ വ്യാഖ്യാനത്തെ ബലപ്പെടുത്തുന്നുണ്ട്. മുഅവ്വിദതൈനിയിൽ ഈ ഒരു വാക്യം മാത്രമേ ആഭിചാരവുമായി നേരിട്ടു ബന്ധപ്പെട്ടതായിട്ടുള്ളൂ. അബൂമുസ്ലിം ഇസ്ഫഹാനിയും സമഖ്ശരിയും ثاثاتന്ന് മറ്റൊരാശയവും കൂടി പറഞ്ഞിട്ടുണ്ട്. അതിതാണ്: കെട്ടുകളിൽ ഊതുക എന്നതിൻെറ വിവക്ഷ സ്ത്രീകളുടെ കുതന്ത്രങ്ങളുമാണ്. അവർ പുരുഷൻമാരുടെ നിശ്ചയ ദാർഢ്യത്തിലും വിചാരവീക്ഷണങ്ങളിലും ചെലുത്തുന്ന സ്വാധീനത്തെ ആഭിചാരത്തോടു ഉപമിച്ചിരിക്കുകയാണ്. കാരണം, സ്ത്രീയോടുള്ള അനുരാഗത്തിൽ മുങ്ങിപ്പോകുന്ന പുരുഷൻ ആഭിചാരം ബാധിച്ചവനെപ്പോലെ ആയിത്തീരുന്നു. ഈ വ്യാഖ്യാനം വളരെ ധൈഷണികമാണെങ്കിലും പൂർവസൂരികൾ അംഗീകരിച്ചുപോന്നതിനെതിരാണ്. നാം മുഖവുരയിൽ ചൂണ്ടികാണിച്ച, മുഅവ്വിദതൈനിയുടെ അവതരണപശ്ചാത്തലവുമായും ഈ വ്യാഖ്യാനം പൊരുത്തപ്പെടുന്നില്ല. ആഭിചാരം സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട ഒരു കാര്യം ഇതാണ്: മറ്റൊരാൾക്ക് ദോഷഫലങ്ങളുണ്ടാക്കുന്നതിനു വേണ്ടി ചെകുത്താൻമാരുടെയോ ദുരാത്മാക്കളുടെയോ ഗ്രഹങ്ങളുടെയോ സഹായം തേടുകയാണതിൽ ചെയ്യുന്നത്. അതുകൊണ്ട് ഖുർആൻ അതിനെ 'കുഫ്റ്' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

وما كفر سليمان ولكن الشياطين كفروا يعلمون الناس السحر - സുലൈമാൻ കുഫ്റ് ചെയ്തിട്ടില്ല. എന്നാൽ ചെകുത്താൻമാർ കുഫ്റ് ചെയ്തു. അവർ ആളുകളെ ആഭിചാരം പഠിപ്പിച്ചിരുന്നു" (തഫ്ഹീമുൽ ഖുർആൻ ആറാം വാള്യം, പേജ് 489)

അൽമുഅവ്വദതൈനി (അൽഫലഖ്, അന്നാസ്)യുടെ അവതരണകാലം വിശദീകരിക്കവെ ജൂതൻമാർ നബി(സ)യുടെ നേരെ ആഭിചാര പ്രയോഗം നടത്തിയ പശ്ചാത്തലത്തിലാണ് പ്രസ്തുത സൂറത്തുകൾ അവതരിച്ചതെന്നും പൂർവസൂരികൾ അംഗീകരിച്ചുപോന്ന പ്രബലമായ അഭിപ്രായമാണിതെന്നും ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനേതാവ് പറയുമ്പോൾ ഒ. അബ്ദുർറഹ്മാൻ സാഹിബ് തൻെറ ചെറിയ ബുദ്ധിയുടെ പരിതിക്കുള്ളിൽ നിന്നുകൊണ്ട് മാത്രം പ്രസ്തുത ഹദീസിനെ നോക്കികാണുകയും, പ്രബലമായ ഹദീസുകളെ നിഷേധിക്കുകയും ചെയ്യുന്നു. "ഇവരുടെ മസ്തിഷ്കങ്ങളിൽ ഇബ്ലീസ് താമസമാക്കിയിരിക്കുന്നു" എന്ന് ഹദീസ് നിക്ഷേധികളെ കുറിച്ച് അദ്ദേഹം പറയുമ്പോൾ ഇതൊന്നും സ്വയം ബാധകമല്ലന്നാണോ? അദ്ദേഹം പ്രസ്തുത ഹദീസിനെ നിഷേധിക്കാൻ കാരണമായി ചൂണ്ടികാണിക്കുന്നത് നബി(സ) സിഹ്റ് ചെയ്യുന്നവനോ സിഹ്റ് ബാധിച്ചവനോ ആയിരുന്നുവെന്ന ശത്രുക്കളുടെ ആരോപണത്തെ ഖുർആൻ ഖണ്ഡിതമായി നിരാകരിക്കുന്നു എന്നതാണ്. നബി(സ)യുടെ ശത്രുക്കളുടെ

ആരോപണവും ഖുർആൻ നല്കിയ മറുപടിയും കൃത്യമായി ലേഖകന് മനസി ലാകാത്തതിന് 'അതും യഹൂദി സിഹ്റ് ചെയ്തതുകൊണ്ട്' എന്ന പരിഹാസമട്ടി ൽ അതിനെ നിഷേധിക്കുന്നത് ധാർഷ്ട്യം തന്നെയാണ്. സി.എൻ അഹ്മദ് മൗലവിയെ കുറിച്ച് അദ്ദേഹം പറയുന്നത് "തൻെറ ബുദ്ധിക്ക് ദഹിക്കുന്നതല്ല എന്ന കാരണത്താൽ ബുഖാരി ഉദ്ധരിച്ച പ്രബലങ്ങളായ പല ഹദീസുകളും തള്ളി ക്കളയാൻ അദ്ദേഹം ധൈര്യപ്പെട്ടിട്ടുണ്ട്" എന്നാണ്; സത്യത്തിൽ ഇതു തന്നെയല്ലെ ശ്രീമാൻ ഒ. അബ്ദുർറഹ്മാൻ സാഹിബും ചെയ്തത്!

ഇമാം ബുഖാരിയിലെ മേൽസൂചിപ്പിച്ച ഹദീസുകൾ നിഷേധിക്കുന്നതിന് ലേഖകൻ ആശ്രയിച്ച തെളിവ് ഐ.പി.എച്ച് മലയാളത്തിൽ പുറത്തിറക്കിയ ഖറദാവിയുടെ ഫത്വകൾ - ഭാഗം രണ്ടിൽനിന്നുമുള്ള ഉദ്ധരണികളാണ്. എന്നാൽ ഇതേ പുസ്തകം തന്നെ പ്രസ്തുത വ്യതിയാനത്തിന് ഉചിതമായ മറുപടി നല്കുന്നുണ്ട്. ഡോ. യൂസുഫുൽ ഖറദാവിയുടെ പറയപ്പെട്ട പുസ്തകത്തിൽ നി ന്നും ഏതാനും വാക്യങ്ങൾ താഴെ:

"ഹദീസിലെ 'ഒരു കാര്യം ചെയ്തു എന്ന് നബിക്ക് തോന്നും, പക്ഷേ, അത് ചെയ്തിട്ടുണ്ടാവുകയില്ല' എന്ന പ്രസ്താവനയെക്കുറിച്ച് മാസുരി പറയുന്നു: "ചി ല പുത്തൻവാദികൾ ഈ ഹദീസിനെ നിരാകരിച്ചിരിക്കുന്നു. കാരണം, അത് തി രുമേനിയുടെ പ്രവാചകത്വ പദവിക്ക് നിരക്കാത്തതും അതിൽ സംശയം ജനിപ്പി ക്കുന്ന കാര്യവുമാണ് എന്നാണവരുടെ പക്ഷം. അവരുടെ അഭിപ്രായത്തിൽ ഇത്തരം കാര്യങ്ങളിലേക്ക് നയിക്കുന്ന എല്ലാ കാര്യവും തള്ളപ്പെടേണ്ടതാണ്. ഇത് ശരീഅത്തിനെക്കുറിച്ച വിശ്വാസ്യത നഷ്ടപ്പെടുത്തും. ഇങ്ങനെയാവുമ്പോൾ തി രുമേനി ജിബ്രീലിനെ കണ്ടു എന്ന് തോന്നും, പക്ഷേ, അദ്ദേഹം കണ്ടിട്ടുണ്ടാവുകയി ല്ല. അദ്ദേഹത്തിന് വഹ്യ് കിട്ടി എന്നു തോന്നും, പക്ഷേ, വഹ്യ് കിട്ടിയിട്ടുണ്ടാവി ല്ല". മാസുരി തുടരുന്നു: 'ഇവയെല്ലാം തള്ളപ്പെടേണ്ടതാണ്. കാരണം, തിരുമേനി യുടെ സത്യസന്ധതയും അദ്ദേഹം പാപസുരക്ഷിതനാണ് എന്നതുമെല്ലാം പ്രമാണങ്ങൾകൊണ്ട് തെളിയിക്കപ്പെട്ടതാണ്. മുഅ്ജിസത്തുകളും ഉണ്ടായിട്ടുണ്ട്. അപ്പോൾ പ്രമാണത്തിനെതിരിൽ വന്ന കാര്യങ്ങൾ തള്ളപ്പെടേണ്ടതാണ്. എന്നാൽ, ചില ഭൗതിക കാര്യങ്ങൾ - അത് തിരുമേനിയുടെ പ്രവാചകത്വത്തിൻെറ വിഷയമല്ല- സാധാരണ മനുഷ്യർക്ക് സംഭവിക്കുന്നതുപോലെ തിരുമേനിക്കും സംഭവിച്ചേക്കാം. രോഗം ബാധിക്കുന്നതുപോലെ. അപ്പോൾ ഭൗതികവും അയഥാർത്ഥവുമായ ഒരു കാര്യം അദ്ദേഹത്തിന് തോന്നുക എന്നത് അത്ര അസംഭവ്യമൊന്നുമല്ല. എന്നാൽ, ദീൻ കാര്യങ്ങളിൽ അദ്ദേഹം വ്യതിയാനങ്ങളിൽ നിന്നൊക്കെ സുരക്ഷിതനുമാണ്."

ഖറദാവി വീണ്ടും എടുത്തെഴുതുന്നു: "ഹദീസിനെ ശരിയായി റിപ്പോർട്ട് ചെയ്യുന്നവരും അതിനെ അനുകരിക്കുന്നവരും പറയുന്നതനുസരിച്ച് സിഹ്ർ തി രുമേനിയുടെ ശരീരത്തെയാണ് ബാധിച്ചത്; ആത്മാവിലും ബുദ്ധിയിലുമല്ല. അപ്പോൾ അതിൻെറ സ്വാധീനം ശരീരത്തിലാണുണ്ടായത്. ശാരീരിക രോഗങ്ങളിൽനി ന്ന് പ്രവാചകൻമാർ മുക്തരായിട്ടില്ല."

അദ്ദേഹം തുടരുന്നു: "സിഹ്ർ ബാധിച്ചപ്പോൾ ലബീദിൻെറ സഹോദരി പറഞ്ഞു: "അദ്ദേഹം നബിയാണെങ്കിൽ അദ്ദേഹത്തിന് വിവരം ലഭിക്കും; അല്ലെങ്കിൽ സിഹ്ർ മുഖേന അയാളുടെ ബുദ്ധി നശിക്കും." ആപ്പോൾ ആദ്യം പറഞ്ഞത്

സംഭവിച്ചു എന്നാണ് സ്വഹീഹായ ഹദീസിൽ നിന്ന് വ്യക്തമാകുന്നത്." (ഐ.പി.എച്ച് പുറത്തിറക്കിയ ഖറദാവിയുടെ ഫത്‌വകൾ - ഭാഗം രണ്ട്, പേജ് 76, 81)

പ്രവാചകന് സിഹ്ർ ബാധിച്ച ഹദീസ് നിഷേധിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ സഹോദരൻമാർക്ക് അവരുടെ നേതാവ് തന്നെ കൃത്യമായ മറുപടി തഫ്ഹീമുൽ ഖുർആനിലൂടെ നല്കിയിട്ടുണ്ട്. പക്ഷെ, കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമി പക്ഷത്തുള്ള വിവർത്തകർ അവരുടെ കുതന്ത്രം ഇവ്വിഷയത്തിലും കാണിച്ചു എന്നത് ഗൗരവമായി എടുക്കേണ്ടതാണ്. മൗദൂദി സാഹിബ് നല്കിയ പ്രസ്തുത വിശദീകരണം മലയാള പരിഭാഷയിൽ ഇവർ മറച്ചുവെച്ചു. ഉറുദുവിലും ഇംഗ്ലീഷിലും പറയപ്പെട്ട ഭാഗങ്ങൾ ലഭ്യമാണ്. അൽമുഅവ്വദതൈനി (അൽഫലഖ്, അന്നാസ്)യുടെ അവതരണകാലം വിവരിക്കുന്നിടത്ത് മൗദൂദി സാഹിബ് നല്കിയ വിശദീകരണത്തിന്റെ ഭാഷാന്തരം താഴെ:

"ഈ രണ്ട് സൂറത്തുകളുമായി ബന്ധപ്പെട്ട് ഉത്ഭവിച്ച രണ്ടാമത്തെ കാര്യം ഇതാണ്: <u>റിപ്പോർട്ടുകൾ പ്രകാരം പ്രവാചകന് സിഹ്ർ ബാധിച്ചതിന്റെ ഫലമായി രോഗിയാകുകയും, അതിന്റെ ബാധ ഒഴിവാകുന്നതിന് ഈ സൂറത്തുകൾ പാരായണം ചെയ്യാൻ ജിബ്‌രീൽ കൽപിക്കുകയും ചെയ്തു. പൗരാണികരും ആധുനികരുമായ പല യുക്തിവാദികളും ഇതിനെ എതിർത്തിട്ടുണ്ട്.</u> ഈ റിപ്പോർട്ടുകൾ സ്വീകരിക്കുകയാണെങ്കിൽ, ശരീഅത്ത് തന്നെ സന്ദിഗ്ധമാകുമെന്നാണ് അവർ വാദിക്കുന്നത്. കാരണം, പ്രവാചകന് അത് ബാധിച്ചിട്ടുണ്ടെങ്കിൽ (ഈ റിപ്പോർട്ടുകൾ പ്രകാരം അദ്ദേഹത്തിനത് ബാധിച്ചിട്ടുണ്ട്) തന്റെ എതിരാളികൾ മാരണത്തിന്റെ സ്വാധീനത്താൽ പ്രവാചകനെക്കൊണ്ട് എന്തൊക്കെ പറയിപ്പിച്ചു എന്നും ചെയ്യിപ്പിച്ചു എന്നും, അപ്രകാരം തന്നെ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ ദൈവികമാണോ, അതല്ല മാരണത്തിന്റെ ഫലമാണോ എന്നൊന്നും ആർക്കും പറയാൻ സാധിക്കില്ല. അതുമാത്രമല്ല, അവരുടെ വാദപ്രകാരം അത് സത്യമാണെന്ന് അംഗീകരിക്കുകയാണെങ്കിൽ പ്രവാചകൻ മാരണത്തിലൂടെ പ്രവാചകത്വം അവകാശപ്പെടാൻ പ്രേരിപ്പിക്കപ്പെട്ടതാണെന്നും, തന്റെയടുക്കൽ ഒരു മാലാഖ വരുന്നതായി പ്രവാചകന് തോന്നുന്നതാണെന്നും വരാം. മാത്രമല്ല ഈ റിപ്പോർട്ടുകളെല്ലാം ഖുർആനിന്ന് വിരുദ്ധമാണെന്നും അവർ വാദിക്കുന്നു. പ്രവാചകൻ മാരണം ബാധിച്ചവനാണെന്ന് അവിശ്വാസികളുടെ ആരോപണം ഖുർആൻ എടുത്തുപറയുന്നുണ്ട് (ബനീ ഇസ്രഈൽ: 47). എന്നാൽ, പ്രവാചകൻ യഥാർത്ഥത്തിൽ മാരണം ബാധിച്ചവനാണെന്ന അവിശ്വാസികളുടെ ആരോപണത്തെ ഈ റിപ്പോർട്ടുകൾ ശരിവെക്കുകയാണ് ചെയ്യുന്നത് (ഇതാണ് സിഹ്റ് നിഷേധിക്കുന്നവരുടെ ആരോപണം).

ഈ വിഷയത്തിലുള്ള ഒരു ശരിയായ അന്വേഷണത്തിന് ആദ്യമായി പ്രവാചകന്(സ) യഥാർത്ഥത്തിൽ മാരണം ബാധിച്ചതിന് ആധികാരിക ചരിത്ര തെളിവുകളുടെ പിൻബലമുണ്ടോയെന്ന് പരിശോധിക്കൽ അനിവാര്യമാണ്. അങ്ങനെയാണെങ്കിൽ, അതെന്താണെന്നും, ഏത് പരിധിവരെയാണെന്നും അറിയേണ്ടതാണ്. ശേഷം, ചരിത്രപരമായി സ്ഥാപിക്കപ്പെട്ടതിനെതിരായി ഉയർന്നുവന്നവ അതിന് ബാധകമാണോ അല്ലേ എന്ന് പരിശോധിക്കണം.

ആദിതലമുറയിലെ മുസ്‌ലിം പണ്ഡിതരെല്ലാം നീതിമാൻമാരും സത്യസന്ധരുമായിരുന്നു. അവരാരുംതന്നെ തങ്ങളുടെ ആശയങ്ങൾക്കും സങ്കൽപങ്ങൾക്കും അനുമാനങ്ങൾക്കുമനുസരിച്ച് ചരിത്രത്തെ വളച്ചൊടിക്കാനോ,

യാഥാർത്ഥ്യങ്ങളെ മൂടിവെക്കാനോ ശ്രമിച്ചിട്ടില്ല. ചരിത്രപരമായി സ്ഥിരീകരിക്കപ്പെട്ടവയെ അവർ പിൻതലമുറക്കാർക്ക് തനതായ രൂപത്തിൽ കൈമാറിയിരുന്നു. യാഥാർത്ഥ്യങ്ങൾക്ക് വിരുദ്ധമായിക്കൊണ്ട് തലതിരിഞ്ഞ നിഗമനങ്ങളിലേക്ക് ചാഞ്ഞുനിൽക്കുന്നവർ തങ്ങൾ പകർന്നു നല്കിയ വസ്തുക്കളെ ഏതു രീതിയിൽ ഉപയോഗപ്പെടുത്തുമെന്നത് അവരെ വേവലാതിപ്പെടുത്തിയില്ല. ഇനി, ചരിത്രപരവും ആധികാരികവുമായ മാർഗങ്ങളിലൂടെ ഒരു കാര്യം സ്ഥിരപ്പെട്ടാൽ, സത്യസന്ധനും നീതിമാനുമായ ഒരാളെ സംബന്ധിച്ചിടത്തോളം അവൻ അത് സ്വീകരിക്കുകയാണെങ്കിൽ, അത് ചീത്ത പര്യവസാനത്തിലേക്ക് നയിക്കുമെന്ന് അവൻെറ ബുദ്ധി പറയുന്ന കാരണത്താൽ അതിനെ നിഷേധിക്കുന്നത് ശരിയല്ല. അപ്രകാരം തന്നെ, ചരിത്രപരമായി സ്ഥാപിക്കപ്പെട്ടതിനോട് തൻെറ അനുമാനങ്ങൾക്കും നിഗമനങ്ങൾക്കുമനുസരിച്ച് വല്ലതും കൂട്ടിച്ചേർക്കുന്നതോ അതിൻെറ പരിധി ലംഘിക്കുന്നതോ ശരിയല്ല. പകരം, ചരിത്രത്തെ ചരിത്രമായി ത്തന്നെ സ്വീകരിക്കണം; ശേഷം അത് യഥാർത്ഥത്തിൽ തെളിയിക്കുന്നത് എന്താണ് എന്നും എന്തല്ല എന്നും പരിശോധിക്കണം.

<u>ചരിത്രപരമായ വീക്ഷണത്തിലൂടെ നോക്കുമ്പോൾ പ്രവാചകന് സിഹ്ർ ബാധിച്ച സംഭവം സ്ഥിരപ്പെട്ടതാണ്. ഇനി, ശാസ്ത്രീയ മാനദണ്ഡങ്ങളുപയോഗിച്ച് അതിനെ വിമർശിക്കുകയാണെങ്കിൽ, ലോകത്തുള്ള ഒരു ചരിത്ര സംഭവത്തെയും സത്യവും വാസ്തവവുമായി തെളിയിക്കാൻ സാധിക്കുകയില്ല.</u> ബുഖാരി, മുസ്‌ലിം, നസാഈ, ഇബ്നുമാജ, ഇമാം അഹ്മദ്, അബ്ദുർറസാഖ്, ഹുമൈദി, ബൈഹഖി, ത്വബറാനി, ഇബ്നു സഅ്ദ്, ഇബ്നു മർദവ, ഇബ്നു അബീശൈബ, ഹാകിം, അബ്ദ് ഇബ്നു ഹുമൈദ്, എന്നിവരും മറ്റും, ഹസ്രത്ത് ആഇശ, ഹസ്രത്ത് സെയ്ദ് ഇബ്നു അർകം, ഹസ്രത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ് എന്നിവരിൽ നിന്നും കൃത്രിമത്വം കടന്നുകൂടാൻ സാധ്യതയില്ലാത്ത വിധം അനേകം പരമ്പരകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്. ഓരോ റിപ്പോർട്ടും പ്രത്യേകമായി എടുക്കുമ്പോൾ ഒറ്റപ്പെട്ട റിപ്പോർട്ട് (ഖബർ വാഹിദ്) ആണെങ്കിലും, ഹദീസുകളിൽ വന്നിട്ടുള്ള വിശദാംശങ്ങളെ ഒരുമിച്ചുചേർത്ത് ഒറ്റ സംഭവമായി നാം താഴെ നല്കുകയാണ്.

ഹിജ്റ 7-ാം വർഷം മുഹർറം മാസത്തിൽ ഹുദൈബിയയിലെ സമാധാന സന്ധിക്ക് ശേഷം പ്രവാചകൻ(സ) മദീനയിലേക്ക് മടങ്ങിയനേരം ഖൈബറിൽ നിന്നുള്ള ഒരു സംഘം ജൂതൻമാർ മദീനയിലെത്തി ബനൂ സുറൈഖ് എന്ന അൻസാർ ഗോത്രത്തിൽപെട്ട ഒരു പ്രശസ്ത മാരണക്കാരൻ ലബീദ് ഇബ്നു അഅ്സമിനെ സന്ദർശിച്ചു. അവർ അവനോട് പറഞ്ഞു: "മുഹമ്മദ്(സ) എങ്ങനെയാണ് ഞങ്ങളോട് പെരുമാറുന്നതെന്ന് നിനക്കറിയുമല്ലോ? ഞങ്ങൾ അവനെ മാരണപ്പെടുത്താൻ പരമാവധി ശ്രമിച്ചുവെങ്കിലും അതൊന്നും വിജയിച്ചില്ല. ഇപ്പോൾ ഞങ്ങൾ താകളുടെയടുക്കലേക്ക് വന്നത് താകൾ ഒരു വിദഗ്ധനായ മാരണക്കാരനായത് കൊണ്ടാണ്. ഇതാ മൂന്ന് സ്വർണ്ണനാണയങ്ങൾ. ഇത് സ്വീകരിച്ച് മുഹമ്മദിൻെറ മേൽ ശക്തമായി മാരണം നടത്തുക." അക്കാലത്ത് പ്രവാചകന് സഹായിയായി ഒരു ജൂതബാലനുണ്ടായിരുന്നു. അവനിലൂടെ അവർക്ക് രോമം ഒട്ടിപ്പിടിച്ച നിലയിലുള്ള പ്രവാചകൻെറ ചീർപ്പ് കിട്ടി. അതേ മുടിയിലും ചീർപ്പിൻെറ പല്ലിലുമാണ് മാരണം ചെയ്തത്. ചില റിപ്പോർട്ടികളിൽ ലബീദ് ഇബ്നു അഅ്സം തന്നെയാണ് മാരണം ചെയ്തതെന്നും, മറ്റു ചില റിപ്പോർട്ടുകളിൽ അയാളുടെ സഹോദരിമാർ അയാളേക്കാൾ അതിൽ

പ്രാവീണ്യമുള്ളവരാണെന്നും അതുകൊണ്ട് അവർ മുഖേനെയാണ് മാരണം ചെയ്തതെന്നും കാണാം. സംഗതി എന്തുതന്നെയായാലും മാരണം ചെയ്ത ഈ വസ്തു **ആൺ** ഈന്തപ്പനയുടെ കൊതുമ്പിൽ വെച്ച് ദർവാൻ അഥവാ ദീ അർവാൻ എന്ന ബനൂ സുറൈഖ്വുകാരുടെ കിണറ്റിന്റെ അടിയിലുള്ള ഒരു കല്ലി നുള്ളിൽ ലബീദ് ഒളിപ്പിച്ചു വെച്ചു. ഈ മാരണം പ്രവാചകനിൽ ഫലം ചെയ്യാൻ ഒരു മുഴുവൻ വർഷം വേണ്ടി വന്നു. ആ വർഷത്തിന്റെ രണ്ടാം പകുതിയിൽ പ്രവാചകന്ന് അസ്വസ്ഥകൾ അനുഭവപ്പെടാൻ തുടങ്ങി. അവസാനത്തെ നാല്പത് ദിവസം അദ്ദേഹത്തിന് പ്രയാസമേറിയതായി. അതിൽതന്നെ അവസാന മൂന്ന് ദിനങ്ങൾ തീഷ്ണമേറി. അതിന്റെ ഏറ്റവും വലിയ ഫലം അദ്ദേഹം സ്വയം തന്നെ ഉരുകുന്നതായി അനുഭവപ്പെട്ടു എന്നതാണ്. ഏത്രത്തോളമെന്നാൽ, താൻ എന്തെങ്കിലും പ്രവൃത്തി ചെയ്യുന്നതായി അദ്ദേഹത്തിന് തോന്നിയിരുന്നു എന്നാൽ, അത് അദ്ദേഹം ചെയ്യുന്നുണ്ടായിരുന്നില്ല; അദ്ദേഹം തന്റെ ഭാര്യമാരെ സന്ദർശി ച്ചതായി തോന്നുമായിരുന്നു. എന്നാൽ അദ്ദേഹം സന്ദർശിച്ചിട്ടുണ്ടായിരുന്നില്ല; ചി ലപ്പോൾ എന്തെങ്കിലും കണ്ടുവെന്ന് അദ്ദേഹം സംശയിച്ചിരുന്നു. എന്നാൽ, അദ്ദേഹം ഒന്നും കണ്ടിരുന്നില്ല. ഈ അനുഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ സ്വന്തം വ്യക്തിത്വത്തിൽ മാത്രം പരിമിതമായിരുന്നു - എത്രത്തോളമെന്നാൽ, അദ്ദേഹത്തി ലൂടെ കടന്നുപോകുന്ന ഈ അവസ്ഥകൾ മറ്റുള്ളവർക്ക് മനസിലായിരുന്നില്ല. എന്നിട്ടും പ്രവാചകനെന്ന നിലക്ക്, തന്റെ കർത്തവ്യനിർവ്വഹണത്തിൽ യാതൊരു വീഴ്ചയും അദ്ദേഹം വരുത്തിയിട്ടില്ല. ആ കാലഘട്ടത്തിൽ ഖുർആനിലെ ഏതെങ്കി ലും വചനങ്ങൾ അദ്ദേഹം മറന്നുപോയതായോ, ഒരു വചനം തെറ്റായി പാരായണം ചെയ്തതായോ, അതല്ലെങ്കിൽ സദസുകളിലോ തന്റെ പ്രസംഗങ്ങളിലോ മറ്റോ വല്ല മാറ്റവും സംഭവിച്ചതായോ, അതല്ലെങ്കിൽ തനിക്ക് അവതീർണ്ണമായിട്ടില്ലാത്ത ഏതെങ്കിലും പ്രസ്താവനകളെ വെളിപാടായി അവതരിപ്പിച്ചതായോ, അതല്ലെങ്കിൽ ഒരു നമസ്കാരം താൻ നമസ്കരിച്ചുവെന്ന് ധരിച്ച് നമസ്കരിക്കാതിരുന്നതായോ പറയാവുന്ന ഒരു ഹദീഥും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അല്ലാഹുവിൽ ശരണം! അങ്ങനെയാണ് സംഭവിച്ചിരുന്നെങ്കിൽ, അതൊരാക്ഷേപത്തിനിടയാക്കുകയും ഒരു ശക്തിക്കും കീഴടക്കാൻ സാധിക്കാത്ത ഒരാളെ ഒരു മാരണക്കാരൻ കീഴടക്കിയെന്ന് അറേബ്യ മുഴുവൻ പ്രചരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, പരി ശുദ്ധപ്രവാചകന്റെ പദവി യാതൊരു കോട്ടവും തട്ടാതെ നിലനിന്നു. അതു കാരണമായി അദ്ദേഹം ഭയവിഹ്വലനായത് തന്റെ വ്യക്തിജീവിതത്തിൽ മാത്രമായി രുന്നു. അവസാനം, ഒരു ദിവസം ഹസ്രത്ത് ആഇശയുടെ വീട്ടിലായിരിക്കെ, തന്റെ പൂർണാരോഗ്യം വീണ്ടുകിട്ടാൻ അല്ലാഹുവോട് പ്രാർത്ഥിച്ചു. അതിനിടയിൽ അദ്ദേഹം ഉറങ്ങിപ്പോകുകയോ മയങ്ങിപ്പോകുകയോ ചെയ്തു. ഉണർന്നപ്പോൾ ഹസ്രത്ത് ആഇശയോട് പറഞ്ഞു: “ഞാൻ ആവശ്യപ്പെട്ടത് എന്റെ നാഥൻ എനിക്ക് നല്കി.” അതെന്താണെന്ന് ഹസ്രത്ത് ആഇശ ചോദിച്ചു: അദ്ദേഹം പ്രതി വചിച്ചു: “രണ്ടുപേർ (അതായത്, മനുഷ്യരൂപത്തിൽ രണ്ട് മാലാഖമാർ) എന്റെ അടുത്ത് വന്നു. ഒരാൾ എന്റെ തലഭാഗത്തും മറ്റെയാൾ എന്റെ കാൽക്കലും ഇരുന്നു. ഒന്നാമത്തെയാൾ ചോദിച്ചു: ഇദ്ദേഹത്തിന് എന്താണ് സംഭവിച്ചത്? മറ്റെയാൾ പറഞ്ഞു: മാരണം ബാധിച്ചതാണ്. ഒന്നാമത്തെയാൾ ചോദിച്ചു: ആരാണ് ചെയ്തത്? മറ്റെയാൾ പറഞ്ഞു: ലബീദ് ഇബ്നു അഅ്സം. അയാൾ ചോദിച്ചു: എന്തിലായാണ് അത് ചെയ്തത്? അയാൾ പറഞ്ഞു: ചീർപ്പിലും, ഈന്തപ്പനയുടെ കൊതുമ്പിൽ മൂടിയ മുടിയിലുമായി. അയാൾ ചോദിച്ചു: എവി

ടെയാണത്? അയാൾ പറഞ്ഞു: ദീ അർവാൻ (അഥവാ ദർവാൻ) എന്ന ബനൂ സുറൈഖ്വിൻെറ കിണറ്റിനടിയിലെ ഒരു കല്ലിനുള്ളിൽ. അയാൾ ചോദിച്ചു: അതെന്ത് ചെയ്യണം? അയാൾ പറഞ്ഞു: കിണർ വറ്റിക്കുകയും കല്ലിനുള്ളിൾ നിന്നും അത് പുറത്തെടുക്കുകയും ചെയ്യണം. ശേഷം പ്രവാചകൻ ഹസ്രത്ത് അലി, ഹസ്രത്ത് അമ്മാർ ഇബ്നു യാസർ, ഹസ്രത്ത് സുബൈർ എന്നിവരെ അയച്ചു. ജുബൈർ ഇബ്നു ഇയാസ് അസുർക്വിയും അവരോടൊപ്പം ചേർന്നു. പിന്നീട്, ചില സ്വഹാബികളോടൊപ്പം പ്രവാചകനും കിണറ്റിനരികിലെത്തി. വെള്ളം പുറത്തെടുത്ത് ആ കൊതുമ്പ് വീണ്ടെടുത്തു. അവിടെ ചീർപ്പിനും മുടിക്കുമരികിലായി പതിനൊന്ന് കെട്ടുകളുള്ള ഒരു ചരടും സൂചി തുളച്ചുകയറ്റിയ നിലയിലുള്ള ഒരു മെഴുകു പ്രതിമയും അവർ കണ്ടെടുത്തു. ജിബ്‌രീൽ(അ) വന്ന് 'മുഅവ്വിദതൈനി' ആവർത്തിച്ചു പാരായണം ചെയ്യാൻ അദ്ദേഹത്തോട് പറഞ്ഞു. ഓരോ തവണ വചനം ആവർത്തിക്കുന്തോറും, ആ കെട്ട് അഴിയുകയും സൂചി ഓരോന്നായി പുറത്തുവരികയും ചെയ്തു. അങ്ങനെ, അവസാന വാക്ക് തീരുമ്പോഴേക്കും മുഴുവൻ കെട്ടുകളും അഴിയുകയും സൂചികളെല്ലാം പുറത്തെടുക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ആ മാരണത്തിൽ നിന്നും മോചിതനായി. ഇതിനുശേഷം, അദ്ദേഹം ലബീദിനെ വിളിച്ചുവരുത്തി ചോദ്യം ചെയ്തു. അയാൾ കുറ്റം സമ്മതിക്കുകയും പ്രവാചകൻ അദ്ദേഹത്തെ വെറുതെ വിടുകയും ചെയ്തു. എന്തെന്നാൽ, തൻെറ സ്വന്തത്തിന് ഉപദ്രവം വരുത്തിയ ഒരാളോടും അദ്ദേഹം പ്രതികാരം ചെയ്തിരുന്നില്ല. അദ്ദേഹം അതിനെകുറിച്ച് മറ്റുള്ളവരോട് സംസാരിക്കാൻ പോലും കൂട്ടാക്കിയില്ല. അല്ലാഹു അദ്ദേഹത്തിന് തൻെറ ആരോഗ്യം തിരിച്ചു നല്കി എന്നതാണ് അദ്ദേഹം അതിന് കാരണം പറഞ്ഞത്. അതിനാൽ, ആർക്കെകിലുമെതിരെ തിരിയാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിനെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

ഇതാണ് പ്രവാചകന് മാരണം ബാധിച്ച കഥ. തൻെറ പ്രവാചകത്വ പദവിക്ക് കോട്ടം തട്ടുന്ന ഒന്നും തന്നെ ഇതിലില്ല. വ്യക്തിപരമായി അദ്ദേഹത്തിന് മുറിവേറ്റിട്ടുണ്ട് - ഉഹ്ദ് യുദ്ധത്തിൽ സംഭവിച്ചത് പോലെ; കുതിരപ്പുറത്ത് നിന്നും വീണ് അദ്ദേഹത്തിന് മുറിവ് പറ്റിയിട്ടുണ്ട് - ഇത് ഹദീസ് മുഖേന സ്ഥിരപ്പെട്ടതാണ്; അദ്ദേഹത്തെ ഒരു തേൾ കുത്തിയിട്ടിണ്ട് - ഇത് ചില ഹദീസുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്; ഇതൊക്കെ സംഭവിക്കാമെന്നുണ്ടെകിൽ വ്യക്തിപരമായ നിലക്ക് മാരണത്തിൻെറ ഫലമായി അദ്ദേഹത്തിന് രോഗം ബാധിക്കുകയും ചെയ്യാം. പ്രവാചകന് മാരണം ബാധിക്കുമെന്നുള്ളത് ഖുർആൻ കൊണ്ട് സ്ഥിരപ്പെട്ടതുമാണ്. പ്രവാചകനായ മൂസയുമായി എതിരുടുന്ന അവസരത്തിൽ, ആ സമാഗമത്തിന് സാക്ഷികളാകാനെത്തിയ ആയിരക്കണക്കിനാളുകളുടെ കണ്ണുകളെ മാരണം ചെയ്തതായി സൂറ: അൽ-അഅ്റാഫിൽ പറയുന്നുണ്ട് (116-ാം വചനം). സാധാരണക്കാർക്ക് മാത്രമല്ല, മൂസാ നബിക്കും അവർ നിലത്തിട്ട വടികളും കയറുകളും പാമ്പുകളായി അവരിലേക്ക് വരുന്നതായി തോന്നി. മാത്രവുമല്ല, ഇത് മൂസാനബിയുടെ മനസിൽ ഒരു പേടിയുണ്ടാക്കുകയും ചെയ്തു. അപ്പോഴാണ് അല്ലാഹു ഈ വചനങ്ങൾ അവതരിപ്പിച്ചത്. "പേടിക്കേണ്ട, നീ തന്നെയാണ് വിജയം വരിക്കുക. നിൻെറ വടി നീ ഇടുക" (66-69 വചനങ്ങൾ). ഇനി, പ്രവാചകൻ(സ) മാരണം ബാധിച്ച ഒരു മനുഷ്യനാണെന്ന മക്കയിലെ ബഹുദൈവവിശ്വാസികളുടെ ആരോപണത്തെ ശരിവെക്കുന്നതാണ് ഇത് എന്ന ആക്ഷേപത്തെകുറിച്ച് പറയുകയാണെകിൽ, അതിനുള്ള ഉത്തരം

ഇപ്രകാരമാണ്: അവിശ്വാസികൾ അദ്ദേഹത്തെ മാരണം ബാധിച്ചവനെന്ന് വിളിച്ചത് ആരെങ്കിലും അദ്ദേഹത്തെ മാരണം ചെയ്തതിൻെറ ഫലമായി അദ്ദേഹത്തിന് രോഗം ബാധിച്ചത് കൊണ്ടല്ല, മറിച്ച് ഏതൊ ഒരു മാരണക്കാരൻ അദ്ദേഹത്തെ ഭ്രാന്തനാക്കുകയും - അല്ലാഹുവിൽ ശരണം - ആ ഭ്രാന്ത് മുഖേന അദ്ദേഹം പ്രവാചകത്വം അവകാശപ്പെടുകയും സ്വർഗ-നരകങ്ങളുടെ കഥകൾ ജനങ്ങളോട് പറയുകയും ചെയ്യുന്നു എന്ന അർത്ഥത്തിലാണ്. എന്നാൽ, മാരണം ബാധിച്ചത് മുഹമ്മദ് നബിയുടെ വ്യക്തിത്വത്തിനാണ്, പ്രവാചകത്വത്തിനല്ല - അത് പൂർണമായും കോട്ടം തട്ടാതെ കിടക്കുന്നു എന്ന് ചരിത്രം സ്ഥിരപ്പെടുത്തിയ ഒരു കാര്യത്തിന് ഈ ആക്ഷേപം ബാധകമല്ലെന്ന് വ്യക്തമാണ്.

ഈ വിഷയകമായി എടുത്തുപറയേണ്ടുന്ന മറ്റൊരു കാര്യം ഇതാണ്: മാരണത്തെ അന്ധവിശ്വാസമായി കാണുന്നവർ അത്തരമൊരു വീക്ഷണം വെച്ചു പുലർത്താനുള്ള കാരണം, മാരണത്തിൻെറ ഫലം ശാസ്ത്രിയമായി വിശദീകരിക്കാൻ സാധിക്കുന്നില്ല എന്നത് മാത്രമാണ്. എന്നാൽ, ശാസ്ത്രീയമായി വിശദീകരിക്കാൻ സാധിക്കാത്ത അനേകം കാര്യങ്ങൾ ഈ ലോകത്ത് തന്നെ നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ട്. അത്തരം ഒരു വിശദീകരണം നല്കാൻ സാധിക്കുന്നില്ല എന്നത്കൊണ്ട് ആ വസ്തുവിനെ തന്നെ നാം നിഷേധിക്കേണ്ടതല്ല. ഇത്, യഥാർത്ഥത്തിൽ ഒരു മാനസികപ്രതിഭാസമാണ്. - ഭൗതികവസ്തുക്കൾ മനസിലൂടെ ശരീരത്തെ സ്വാധീനിക്കുന്ന അതേ രൂപത്തിൽതന്നെ ഇതും മനസിലൂടെ ശരീരത്തെ സ്വാധീനിക്കും. ഉദാഹരണത്തിന്, ഭയം എന്നത് ഒരു മാനസികപ്രതിഭാസമാണ്, എന്നാൽ അത് ശരീരത്തെ ബാധിക്കുന്നു; ശരീരത്തിലെ രോമങ്ങൾ എഴുന്നേറ്റ് നിൽക്കുകയും, ശരീരം വിറക്കുകയും ചെയ്യും. മാരണം, വാസ്തവത്തിൽ, യാഥാർത്ഥ്യത്തെ മാറ്റുകയില്ല എന്നാൽ, അതിൻെറ സ്വാധീനത്താൽ, യാഥാർത്ഥ്യം മാറിയതായി മനുഷ്യമനസിനും ഇന്ദ്രിയങ്ങൾക്കും തോന്നിത്തുടങ്ങും. മൂസാനബിക്ക് മുന്നിൽ മാരണക്കാർ എറിഞ്ഞ വടികളും കയറുകളും സത്യത്തിൽ, പാമ്പുകളായിട്ടല്ല. എന്നാൽ, അവിടെ കൂടിയ ജനങ്ങളുടെ കണ്ണുകൾ മാരണം ചെയ്യപ്പെട്ട കാരണത്താൽ അവ പാമ്പുകളായി അവർക്ക് തോന്നി: മൂസാനബിയുടെ ഇന്ദ്രിയങ്ങളെപ്പോലും ആ മാരണം ബാധിച്ചു. അതേ രൂപത്തിൽ ഭാര്യാഭർത്താക്കൻമാർക്കിടയിൽ ഭിന്നതയുണ്ടാക്കുന്ന മാരണവിദ്യ ബാബിലോണ്യക്കാർ ഹാറൂതിൽനിന്നും മാറൂതിൽനിന്നും പഠിച്ചതായി സൂറ: അൽ-ബഖറ: 102ൽ പറയുന്നുണ്ട്. ഇതും ഒരു മാനസിക പ്രതിഭാസമാണ്. തീർച്ചയായും, അനുഭവത്തിലൂടെ അത് ഫലപ്രദമല്ലെന്ന് ജനങ്ങൾക്ക് തോന്നുകയാണെങ്കിൽ അവർക്ക് അതിൻെറ ഇടപാടുകാരാകാൻ സാധിക്കുകയില്ല. തോക്കിനുള്ളിൽനിന്നും വരുന്ന വെടിയുണ്ടയും വിമാനത്തിൽനിന്നും വീഴുന്ന ബോംബും അല്ലാഹുവിൻെറ അനുമതിയോടുകൂടിയല്ലാതെ ഫലം ചെയ്യുകയില്ലെന്ന പോലെ തന്നെ മാരണവും അല്ലാഹുവിൻെറ അനുമതിയോടുകൂടിയല്ലാതെ ഫലിക്കുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ, അതുകൊണ്ട് മാത്രം ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യർ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു കാര്യത്തെ നിഷേധിക്കുന്നത് ശുദ്ധമായ പിടിവാശി മാത്രമാണ്."

(അബുൽ അഅ്ലാ മൗദൂദിയുടെ തഫ്ഹീമുൽ ഖുർആൻ: അൽമുഅവ്വദതൈനിയുടെ ആമുഖത്തിൽനിന്ന്)

അതുകൂടാതെ സിഹ്റുമായി ബന്ധപ്പെട്ട് സയ്യിദ് ഖുതുബ് പറയുന്നത് കാണുക:

“ഉദ്ധൃതസിദ്ധികളുടെ ഗണത്തിൽപ്പെടും ആഭിചാരവും ജനങ്ങളോടുള്ള ചെകുത്താൻെറ ബോധനവുമെല്ലാം. പലരൂപത്തിലുമിതു സംഭവിക്കാം. വികാരങ്ങളെയും വിചാരങ്ങളെയും വസ്തുക്കളെയും വ്യക്തികളെയും സന്നിവേശിക്കാനും സ്വാധീനിക്കാനുമുള്ള കഴിവ് ആഭിചാരത്തിനുണ്ട്. ഖുർആൻ പരാമർശിച്ച ഫറോവയുടെ ആഭിചാരം അയഥാർത്ഥമായൊരു തോന്നിപ്പിക്കൽ മാത്രമായിരുന്നില്ലേ. “അവരുടെ ആഭിചാരത്തിൽനിന്ന് വടി ഇഴയുന്നതായി മൂസയ്ക്കുതോന്നി.” അതിനാൽ ഭാര്യ ഭർത്താക്കൻമാരെയും സ്നേഹിതൻമാരെയും തമ്മിൽ തെറ്റിക്കാനുള്ള മാർഗമായി ആഭിചാരത്തിൻെറ സ്വാധീനം ഉപയോഗപ്പെടുത്തുന്നതിനെ തടയാനാവില്ല. സ്വാധീനങ്ങളിൽനിന്നാണ് പ്രതികരണങ്ങളുണ്ടാകുന്നത്. ഉപാധികളും പ്രതികരണങ്ങളും കാരണങ്ങളും കാര്യങ്ങളുമെല്ലാം സംഭവിക്കുന്നത് മുൻപ് പറഞ്ഞതുപോലെ ദൈവാനുമതിയോടെയാണ്” (സയ്യിദ് ഖുതുബ്, ഖുർആൻെറ തണലിൽ, പേജ് 189, 190)

സലഫികളായ പണ്ഡിതൻമാരുടെ ഉദ്ധരണികൾ ജമാഅത്തെ ഇസ്ലാമി സഹോദരങ്ങൾക്ക് പൊരുത്തപ്പെടാനാവാത്തതുകൊണ്ടാണ് മൗദൂദി സാഹിബ്, സയ്യിദ് ഖുതുബ്, യൂസുഫുൽ ഖറദാവി തുടങ്ങിയ ഇഖ്വാനി ചിന്താധാരയിലെ നിപുണൻമാരുടെ ഉദ്ധരണികൾ എടുത്തുദ്ധരിച്ചത്. അവയിലധികവും ഐ.പി.എച്ച് പ്രസിദ്ധീകരണങ്ങളിൽനിന്നും!

നിവേദക പരമ്പര പ്രബലമാണെന്ന കാരണത്താൽ അവയൊക്കെ അപ്പടി സ്വീകരിക്കുന്നതിനെ വിമർശിക്കാൻ ഒ. അബ്ദുർറഹ്മാൻ സാഹിബ് സമർപ്പിച്ച മറ്റൊരു തെളിവ് ഇബ്നു മസ്ഊദ്(റ) മുഅവ്വദതൈൻ ഖുർആനിൻെറ ഭാഗമായി കരുതിയിരുന്നില്ല എന്ന പ്രബലമായ രിവായത്തിനെയാണ്, എന്നാൽ അതിൻെറ മത്ന് സ്വീകാര്യമല്ല പോലും. ഈ പ്രബലമായ റിപ്പോർട്ടും ഇമാം ബുഖാരി തന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. പൂർവ്വികരായ ഒരു പണ്ഡിതനും ഒ. അബ്ദുർ റഹ്മാൻ സാഹിബ് സമീപിച്ചതുപോലെ പ്രസ്തുത റിപ്പോർട്ടിനെ സമീപിച്ചിട്ടില്ല; ആരും തന്നെ ഇക്കാര്യം കൊണ്ട് ഇമാം ബുഖാരിയടെ ഹദീസിനെ വാറോലയാക്കാൻ ശ്രമിച്ചിട്ടുമില്ല. മറിച്ച് വളരെ വിശദമായി തന്നെ പണ്ഡിതലോകം ഇവ്വിഷയം ചർച്ചചെയ്തിട്ടുള്ളതാണ്. ഇമാം ബുഖാരിയുടെ പ്രസ്തുത റിപ്പോർട്ടിനെകുറിച്ച് ഫത്ഹുൽബാരിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുമുണ്ട്. അക്കാര്യങ്ങൾ ചോർന്നു പോകാതെ മൗദൂദി സാഹിബ് തഫ്ഹീമുൽ ഖുർആനിലൂടെ ‘മുഅവ്വദതൈൻ ഖുർആനിൻെറ ഭാഗമോ?’ എന്ന തലക്കെട്ടിൽ തന്നെ മുഅവ്വദതൈനിയുടെ ആമുഖത്തിൽ വിശദീകരിച്ചത് കാണാം. സഹജമായ കേരള ജമാഅത്തെ ഇസ്ലാമിയുടെ ദൗർഭാഗ്യകരമായ കൈക്രിയകൾ ആ ഭാഗവും പൂഴ്ത്തിക്കളഞ്ഞു (ഉർദുവിലും ഇംഗ്ലീഷിലുമുള്ള പതിപ്പിൽ ഈ ഭാഗം ലഭ്യമാണ്). ഏതായിരുന്നാലും സച്ചരിതരായ സലഫുകളെ പിന്തുടരുന്നവർക്ക് ഒ. അബ്ദുർറഹ്മാൻ സാഹിബിൻെറ ഇത്തരത്തിലുള്ള ഹദീസ് നിഷേധ ‘പൊട്ടൻ വർത്തമാനങ്ങൾ’ സ്വീകരിക്കാൻ നിർവ്വാഹമില്ല. കാരണം ഐ.പി.എച്ച് പുറത്തിറക്കിയ സ്വഹീഹുൽ ബുഖാരിയിലെ ആമുഖലേഖനം തന്നെ പറയട്ടെ:

“എൻെറ പേരിൽ വ്യാജ ഹദീസ് നിർമ്മിക്കുന്നവർ നരകത്തിൽ തൻെറ ഇരിപ്പിടം ഒരുക്കികൊള്ളട്ടെ എന്ന പ്രവാചകൻെറ മുന്നറിയിപ്പിനെക്കുറിച്ച് നല്ല

ബോധ്യമുള്ളതിനാൽ സ്വഹാബികൾ തങ്ങൾ മനഃപാഠമാക്കുന്ന ഹദീസുകളിൽ കലർപ്പുകൾ കടന്നു കൂടാതിരിക്കാൻ മനുഷ്യസാധ്യമായ എല്ലാ ജാഗ്രതയും സൂക്ഷ്മതയും പുലർത്തി. ഹദീസുകൾ ഉദ്ധരിക്കുമ്പോൾ ഭയം കാരണം അവർ വിറകൊള്ളുമായിരുന്നത്രേ. നിക്ഷിപ്ത താത്പര്യത്തിനു വേണ്ടി പ്രവാചകന്റെ പേരിൽ വ്യാജ ഹദീസുകൾ നിർമിച്ച ഒരാളെപ്പോലും സ്വഹാബികളിൽ നിന്ന് ചൂണ്ടിക്കാണിക്കാനാവില്ല. രാഷ്ട്രീയ ഭിന്നതയുടെ പേരിൽ പിൽക്കാലത്ത് സ്വഹാബികൾക്കിടയിൽ ശക്തമായ ചേരിതിരിവുകൾ ഉണ്ടായപ്പോൾ പോലും നബിയുടെ പേരിൽ വ്യാജ ഹദീസുകളുണ്ടാക്കാൻ അവരാരും ധൈര്യപ്പെട്ടില്ല...

...സ്വഹാബികളുടെ തലമുറ പൂർണമായും കാലയവനികയിൽ മറയുന്നതിനു മുമ്പുതന്നെ ഹദീസുകൾ പൂർണമായും അവരുടെ ശിഷ്യൻമാരായ താബിഇകളി ലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു. അതിന്റെ അടിത്തറയിൽ പുതുതായി ഇസ്ലാം പ്രചരിച്ച പ്രദേശങ്ങളിലെല്ലാം ഇസ്ലാമിക ജീവിതം രൂപപ്പെടുകയും ചെയ്തിരുന്നു. പ്രവാചക ജീവിതത്തിന്റെ ചരിത്രാനുഭവത്തിന്റെ വെളിച്ചത്തിൽ സ്വഹാബികൾ രൂപം കൊടുത്ത ഈ ഇസ്ലാമിക ജീവിതം തന്നെയാണ് ഗ്രന്ഥത്താളുകളിലെ അക്ഷരത്തേക്കാൾ ഹദീസുകൾ സംരക്ഷിക്കപ്പെട്ടതിന്റെ ഏറ്റവും വലിയ സാക്ഷ്യം'' (ഐ.പി.എച്ച് പുറത്തിറക്കിയ ഹദീസ് ഭാഗം ഒന്ന് സ്വഹീഹുൽ ബുഖാരി, പേജ് XXIV)

ഹദീസുകൾ ഉദ്ധരിക്കുമ്പോൾ അത്യധികം സൂക്ഷ്മത പാലിച്ചിരുന്ന സ്വഹാബികളും അവരെ പിന്തുടർന്ന താബിഇകളുടെയും ഹദീസ് വിഷയത്തി ലുള്ള ഗുണമേൻമയുടെ നിലവാരമാണ് നാം മുകളിൽ വായിച്ചത്. ഇതെല്ലാം പരി ഗണിക്കാതെ ഇമ്മിണി ബല്യ ഹദീസ് നിരൂപകന്റെ ഭൂമികയിൽ നിന്നുകൊണ്ട് 'ഹദീസ് നിഷേധം കേരളത്തിൽ' എന്ന തലക്കെട്ടിലൂടെ ഒ. അബ്ദുർറഹ്മാൻ സാഹിബ് എഴുതിയ ലേഖനം അദ്ദേഹത്തെ വ്യക്തമായ ഹദീസ് നിഷേധത്തി ലേക്കാണ് ശേഷിപ്പിച്ചത്.

സഹോദരങ്ങളെ, ഇത്തരത്തിൽ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്ന വ്യാജ വേഷം കെട്ടിയ പണ്ഡിതൻമാരെയും അവരുൾക്കൊള്ളുന്ന സംഘടനകളേയും തിരിച്ചറിയാനും പൂർവ്വികരായ സലഫുസ്വാലിഹുകൾ പ്രചരിപ്പിച്ചിരുന്ന ദീനിനെ അതേപടി ഉൾകൊള്ളാനും നാം ഓരോരുത്തരും കഠിനമായി തന്നെ പരിശ്രമി ക്കേണ്ടതുണ്ട്. അള്ളാഹു ഇത്തരം കൃതവിദ്യൻമാരുടെ ശർറുകളിൽനിന്നും മുസ്ലിം സമുദായത്തെ രക്ഷിക്കുമാറാകട്ടെ, ആമീൻ.

**അൻവർ അബൂബക്കർ**